**കേരള സർക്കാർ**

സംഗ്രഹം

കൊടുങ്ങല്ലൂർ പരിശീലനകേന്ദ്രം പ്രിൻസിപ്പാളിന്റെ പേരിൽ കൊടുങ്ങല്ലൂർ സബ്ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **772/2018/ധന.** തിരുവനന്തപുരം, തീയതി **01.02.2018**

പരാമർശം - ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറുടെ 26.12.2017 ലെ 1354/എഡി.3/2017/ന്യൂ.ക്ഷേ.ഡ നമ്പരായുള്ള കത്ത്

**ഉത്തരവ്**

തൃശ്ശൂർ പരിശീലനകേന്ദ്രം കൊടുങ്ങല്ലൂർ എന്ന സ്ഥലത്തേക്ക് മാറ്റിയതിനാൽ, ചെമ്പൂക്കാവ് സബ്ട്രഷറിയിലുള്ള റ്റി..എസ്.ബി.. അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനും കൊടുങ്ങല്ലൂർ സബ്ട്രഷറിയിൽ പരിശീലനകേന്ദ്രം പ്രിൻസിപ്പാളിന്റെ പേരിൽ പുതിയ റ്റി..എസ്.ബി. അക്കൗണ്ട് അരംഭിക്കുന്നതിനുള്ള അനുമതി നൽകണമെന്നും ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, തൃശ്ശൂർ പരിശീലനകേന്ദ്രം പ്രിൻസിപ്പാളിന്റെ പേരിൽ ചെമ്പൂക്കാവ് സബ്ട്രഷറിയിലുള്ള റ്റി..എസ്.ബി.. അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനും കൊടുങ്ങല്ലൂർ പരിശീലനകേന്ദ്രം പ്രിൻസിപ്പാളിന്റെ പേരിൽ കൊടുങ്ങല്ലൂർ സബ്ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനും അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ന്യൂനപക്ഷക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം - 33
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ